# അവതാരിക

**എ**ന്റെ സ്നേഹിതൻ സി.എച്ച്. ഗംഗാധരൻ എഴുതിയ മയ്യഴിയുടെ ചരിത്രം വളരെ താല്പര്യപൂർവ്വമാണ് ഞാൻ വായിച്ചത്.

മയ്യഴിയെക്കുറിച്ച് ഇതിനകം പലരും പലതും എഴുതിയിട്ടുണ്ട്. ലേഖനങ്ങൾ, ഓർമ്മക്കുറിപ്പുകൾ, കഥകൾ.. അങ്ങനെ പോകുന്നു ആ രചനകൾ. ഇത്രയൊക്കെ എഴുതിയിട്ടും രചയിതാക്കളുടെ ഒരാകർഷണ കേന്ദ്രമാണ് മയ്യഴി.

ഒരുപക്ഷേ കേരളത്തിലെ ഏറ്റവും കൂടുതൽ ജനശ്രദ്ധ ആകർഷിച്ച പ്രദേശം ഏതെന്നു ചോദിച്ചാൽ മയ്യഴി എന്ന് നമുക്ക് പറയാം. പത്രങ്ങളുടേയും വാരികകളുടേയും നിത്യകൗതുകമാണ് മയ്യഴി. ഒരു നിസ്സാരമായ സംഗതിമതി, പത്രക്കാർ തോളിൽ കേമറയുമായി അവിടെ എത്തും.

ഈ നാടിന്റെ പ്രത്യേകത എന്താണ് എന്ന് ചിലപ്പോൾ ഞാൻ സ്വയം ചോദിച്ചുപോകാറുണ്ട്. കടലിനാലും പുഴയാലും വലയം ചെയ്യപ്പെട്ടു കിടക്കുന്ന മയ്യഴിയുടെ പ്രകൃതിലാവണ്യമാണോ എല്ലാവരേയും അങ്ങോട്ടാകർഷിക്കുന്നത്? പരിസരഭംഗി മാത്രമാണ് അതിനു കാരണം എന്നു വിശ്വസിക്കാൻ പ്രയാസമുണ്ട്. കാരണം പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹീതമായ മറ്റു ഭൂപ്രദേശങ്ങൾ കേരളത്തിൽ എല്ലായിടത്തുമുണ്ട്. രണ്ടു ശതാബ്ദത്തിലേറെ നീണ്ടുനിന്ന കൊളോണിയൽ വാഴ്ചയായിരിക്കുമോ കാരണം? അതിനും സാധ്യത കുറവാണ്. മയ്യഴിപോലെ കേരളമത്രയും കൊളോണിയൽ വാഴ്ചയിലൂടെ കടന്നുവന്നതാണല്ലോ. ഇനി പറയാനുള്ളത്, ഇംഗ്ലീഷുകാർക്കു പകരം പരന്ത്രീസുകാരായിരുന്നു മയ്യഴിയിലെ വാഴ്ചക്കാർ എന്ന വസ്തുതയാണ്. അങ്ങനെയാണെങ്കിൽ പോലും ഡച്ചുകാരും ജൂതന്മാരും ബാബിലോണിയക്കാരുമെല്ലാം വന്ന് നിവസിച്ച് അവരുടെ പാദമുദ്രകൾ മണ്ണിൽ ലയിപ്പിച്ചു മറഞ്ഞ വേറെ എത്ര ഭൂപ്രദേശങ്ങൾ നമ്മുടെ കേരളത്തിലുണ്ട്.

മയ്യഴിയുടെ ആകർഷണകേന്ദ്രം എന്തെന്ന്, ഇത്രയൊക്കെ ചിന്തിച്ചിട്ടും, നമുക്ക് മനസ്സിലാകാതെ പോകുന്നു. യുക്തിക്ക് അതീതമായ ഏതോ ഒരു മാന്ത്രികപരിവേഷം ഈ ദേശത്തിനുണ്ടാകാം. മയ്യഴി ഒരു

ഹിപ്നോട്ടിക്ക് നഗരമാണ്. ഏതോ ഒരു യക്ഷിക്കഥയിലെ സ്വപ്നഭൂവുപോലെയാണ് മയ്യഴി നമുക്ക് അനുഭവപ്പെടുന്നത്...

എന്നാൽ ഇതുവരെ പറഞ്ഞതെല്ലാം പഴയ കഥയാണ്. മയ്യഴി ഇന്ന് വളരെയധികം മാറിയിരിക്കുന്നു. ചുമലിൽ കേമറയുമായി ഇപ്പോഴും സന്ദർഭം ലഭിക്കുമ്പോഴെല്ലാം പത്രറിപ്പോർട്ടർമാർ മയ്യഴിയിൽ വരുന്നുണ്ടാകാം. പക്ഷേ, മയ്യഴിയുടെ മാന്ത്രികപരിവേഷത്താൽ ആകൃഷ്ടരായല്ല അവർ ഇപ്പോൾ വന്നെത്തുന്നത്. ജീവിച്ചിരിക്കുന്നവരുടെ സ്മൃതികളിലേക്കു ചുരുങ്ങിയ, മരിച്ചു കഴിഞ്ഞ മയ്യഴിയെ തേടിയാണ് അവർ ഇപ്പോൾ വരുന്നത്.

മയ്യഴിയെക്കുറിച്ചുള്ള യക്ഷിക്കഥകൾ കേട്ട് അവിടുത്തെ മണ്ണിൽ പാദസ്പർശനം ചെയ്യുവാനും അവിടെ ഒഴുകുന്ന മാന്ത്രികപ്പുഴ ദർശിക്കുവാനും എത്തുന്ന സന്ദർശകർക്ക് ഇന്ന് എന്താണ് മയ്യഴിയിൽ കാണുവാൻ അവശേഷിച്ചിരിപ്പുള്ളത്. ഒന്നുമില്ല. കേരളത്തിലെ മറ്റ് ഏത് ദേശങ്ങളിലും കാണുവാൻ കഴിയുന്നതുപോലുള്ള ഒരു സാധാരണ കൊച്ചു പട്ടണമാണ് മയ്യഴി ഇന്ന്. ആൾത്തിരക്കുള്ള വീതികുറഞ്ഞ നിരത്തുകൾ, കോൺക്രീറ്റ് കെട്ടിടങ്ങൾ....

നാമറിഞ്ഞ് ആരാധിച്ച മയ്യഴി നാമറിയാതെ ജീവിച്ചിരിക്കുന്നവരുടെ സ്മൃതികളിലേക്ക് പിൻവാങ്ങുകയാണ്. മയ്യഴി കാണുവാൻ എത്തുന്ന സന്ദർശകർക്ക് ഒരു കാലം നമ്മെ ഉന്മത്തരാക്കിയ മയ്യഴി ഇനി മുത്തശ്ശിമാരുടെ ഓർമകളിൽ മാത്രമേ കണ്ടെത്തുവാൻ കഴിയുകയുള്ളൂ. മയ്യഴി ഇന്ന് അതിന്റെ എല്ലാ പൂർവ്വകാല ലാവണ്യവും മാന്ത്രികതയും നഷ്ടമായി, ഒരു സാധാരണ കൊച്ചുനഗരമായി, ഇതാ നമ്മുടെ മുന്നിൽ നിലകൊള്ളുന്നു.

കാലം ഋതുക്കളിലൂടെയും ചരിത്രത്തിലൂടെയും തുടച്ചുമായ്ക്കുവാൻ ശ്രമിച്ചിട്ടും മായാതെ ഇന്നും നിലകൊള്ളുന്ന കൊച്ചിയിലെ ജൂതത്തെരുവുകൾ ഇവിടെ ഓർത്തുപോകുന്നു. കാലത്തിന്റെ പ്രവാഹത്തിന് അടിപ്പെടാതെ ഇപ്പോഴും ജീർണ്ണതയിൽ ജീവിക്കുന്ന ആ തെരുവുകളും അതിന്റെ വശങ്ങളിലെ എടുപ്പുകളും ഒരു ദേശത്തിന്റെ ചെറുത്തുനില്പിന്റെ സ്മാരകങ്ങളാണ്. അതുപോലെ ഒരു ചെറുത്തുനില്പിന് മയ്യഴി സന്നദ്ധമല്ല എന്ന് ഇതിനകം നമുക്ക് മനസ്സിലായിരിക്കുന്നു. മയ്യഴി അതിന്റെ സ്വന്തം പൂർവ്വകാലത്തെയും ചരിത്രത്തെയും തുടച്ചുമായ്ക്കുവാൻ ധൃതിവെക്കുന്നു; ഏതോ ഒരു പാപബോധത്തിന് അടിപ്പെട്ടപോലെ, ചരിത്രമായോ ഐതിഹ്യമായോ ജീർണ്ണതയിൽ നിലനിൽക്കുന്നതിനേക്കാൾ, കോൺക്രീറ്റിന്റെ സുരക്ഷിതത്വത്തിലും നവീനതയിലും ജീവിക്കുവാനാണ് മയ്യഴി ഇഷ്ടപ്പെടുന്നത്.

വേലിയേറ്റം തീർന്ന് ഉൾവലിയുന്ന നദീജലം പോലെ മാഞ്ഞില്ലാ

താകുന്ന മയ്യഴിയുടെ പൂർവ്വകാല കഥ, വരുംതലമുറകൾക്കുവേണ്ടി ആരെങ്കിലും രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. മയ്യഴി ഇക്കാലമത്രയും അതിന്റെ ചരിത്രകാരനെ കാത്തിരിക്കുകയായിരുന്നു. ആ ചരിത്രകാര നേയാണ് നാം ഇന്ന് സി.എച്ച്. ഗംഗാധരനിൽ കണ്ടെത്തിയിരിക്കുന്നത്.

ഒരു വ്യക്തിയുടെ ജീവിതകഥ എഴുതുക എന്നതുപോലും ദുഷ്ക രമാണ്. അപ്പോൾ നിരവധി വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു നാടിന്റെ കഥ എഴുതുന്നതോ? മയ്യഴിപോലുള്ള ഒരു ദേശത്തിന്റെ കഥ രചിക്കു വാൻ വെറും ചരിത്രാവബോധം മാത്രം മതിയാകില്ല. തീയ്യതികളുടേയും സ്റ്റാറ്റിസ്റ്റിക്സിന്റേയും കളങ്ങളിൽ ചരിത്രത്തെ ബന്ധിച്ച് വിശദമായി കഥ പറഞ്ഞുപോകുന്ന രീതി ഇവിടെ ഫലവത്താകുകയില്ല എന്ന് തീർച്ചയാണ്. മയ്യഴിയുടെ പൂർവ്വകാലകഥകളും ഐതിഹ്യങ്ങളും ഒരു മാർകേസിന്റേയോ ലോസയുടേയോ നോവലുകളിലെ അന്തരീക്ഷത്തെ യാണ് അനുസ്മരിപ്പിക്കുന്നത്. ഒരു സാധാരണ ചരിത്രകാരന്റെ ക്രിയാ പദ്ധതിയിൽ ഒതുങ്ങുന്നതല്ല മയ്യഴി എന്ന ആശങ്കകൾ, മയ്യഴിയുടെ ചരിത്രം എഴുതപ്പെടുന്നു എന്നറിഞ്ഞപ്പോൾ, നമ്മുടെ മനസ്സിനെ അലോസരപ്പെടുത്തിയിരിക്കണം. മയ്യഴിയുടെ ഗതകാലചരിത്രവും രാഷ്ട്രീയ പ്രബുദ്ധതയും സ്വാതന്ത്ര്യസമരവും കെട്ടുകഥകളും പഴ ഞ്ചൊല്ലുകളും എല്ലാം ഈ ചരിത്രകാരൻ എങ്ങനെ നെയ്തെടുക്കു മെന്ന് നാം അത്ഭുതപ്പെട്ടിരിക്കണം.

പക്ഷേ, സി.എച്ച്. ഗംഗാധരനാണ് ഈ ചരിത്രകാരൻ എന്നറിഞ്ഞ പ്പോൾ ഈ അലോസരങ്ങളും ആശങ്കകളും എല്ലാം എന്റെ മനസ്സിൽ നിന്നും മറഞ്ഞു. മറിച്ച് തൽസ്ഥാനത്ത് ആഹ്ലാദമാണ് എനിക്ക് അനു ഭവപ്പെട്ടത്. എന്നെങ്കിലും ആരെങ്കിലും മയ്യഴിയുടെ ചരിത്രം എഴുതു കയാണെങ്കിൽ അത് ഗംഗാധരനായിരിക്കണം എന്ന ആഗ്രഹം എന്നിൽ നേരത്തേ ഉണ്ടായിരുന്നിരിക്കണം. ഒരു കഥാകാരനായാണ് ഈ സ്നേഹിതൻ രചന ആരംഭിച്ചത്. അറുപതുകളുടെ തുടക്കത്തിൽ കെ.ബാലകൃഷ്ണന്റെ കൗമുദി വാരികയിലും മര്റും ഗംഗാധരൻ എഴു തിയ ചേതോഹരങ്ങളായ കഥകളും മറ്റു രചനകളം ഇന്ന് ആരും ഓർത്തെന്ന് വരില്ല. ഒരു കഥാകൃത്തോ നോവലിസ്റ്റോ ആയിത്തീരു ന്നതിനു പകരം ഗംഗാധരൻ ഒരു പത്രപ്രവർത്തകനായി മാറുകയാണ് ചെയ്തത്. ഇപ്പോഴിതാ ഒരു ചരിത്രകാരനായും. പക്ഷേ, ആന്തരിക മായി ഇപ്പോഴും ഗംഗാധരൻ ഒരു കഥാകാരനാണ്. ഒരു നല്ല കഥാകൃ ത്തിന്റെ വൈഭവങ്ങൾ അത്രയും 'മയ്യഴി'യുടെ ആദ്യ അദ്ധ്യായങ്ങളിൽ നാം കാണുന്നു.

ഒരു കഥാകാരന്റെ സിദ്ധികൾ മാത്രമല്ല ഗംഗാധരനെ ഈ കൃതി യുടെ രചനയിൽ അനുഗ്രഹിച്ചിട്ടുള്ളത്. നൂറു ശതമാനവും ഒരു മയ്യഴി

ക്കാരനായി ജീവിക്കുന്ന ഒരാളാണ് അദ്ദേഹം. നമ്മുടെ നാടിന്റെ ശാപമായ തൊഴിലില്ലായ്മ മൂർഛിച്ച ഒരവസരമായിരുന്നു, അറുപതുകൾ. ചെറുപ്പക്കാരുടെ ഈ നൈരാശ്യവും വിശ്വാസത്തകർച്ചയും അന്നത്തെ കഥകളിലും നോവലുകലിലും എല്ലാം പ്രതിഫലിച്ചു. തൊഴിൽ തേടി ചെറുപ്പക്കാർ കൂട്ടമായി നാടുവിടുവാൻ തുടങ്ങിയ കാലമായിരുന്നു അത്. സി.എച്ച്. ഗംഗാധരന്റെ സതീർത്ഥ്യരും സമപ്രായക്കാരുമായ പലരും മയ്യഴി വിട്ട് മറുനാടുകലിൽ അഭയം പ്രാപിച്ചു. ഗംഗാധരന് എന്തുകൊണ്ടോ അതിന് കഴിഞ്ഞില്ല. തൊഴിൽ തേടി അന്യനാടുകളിൽ ചെന്നെത്തുവാനുള്ള ഈ ചെറുപ്പക്കാരന്റെ അന്നത്തെ ഓരോ ശ്രമവും പരാജയപ്പെടുകയാണുണ്ടായത്. ഓരോരിക്കലും അനിവാര്യമായും അദ്ദേഹം മയ്യഴിയിൽ തിരിച്ചെത്തി. മയ്യഴി ഒരു കാന്തവലയമായിരുന്നു. അതിൽ നിന്നും രക്ഷപ്പെടുവാൻ ഗംഗാധരന് കഴിഞ്ഞില്ല. അങ്ങനെ ഭാഗധേയങ്ങൾ തേടി സ്നേഹിതന്മാരും മറ്റു സമപ്രായക്കാരും അന്യനാടുകളിൽ ചെന്ന് അവിടെ താമസമുറപ്പിച്ചിട്ടും അദ്ദേഹം മയ്യഴിയിൽ, അതിന്റെ വിധിയുടെ ഭാഗമായി, അലിഞ്ഞു ചേർന്നുനിന്നു. മയ്യഴിയുടെ വികാരങ്ങളും വിചാരങ്ങളും ഇത്രയും അടുത്തറിഞ്ഞ് മനസ്സിലാക്കിയ മറ്റൊരാൾ ഉണ്ടെന്ന് തോന്നുന്നില്ല. മയ്യഴിയിലുണ്ടാകുന്ന ഓരോ ചെറുചലനങ്ങളും അദ്ദേഹത്തിൽ പ്രതികരണങ്ങൾ സൃഷ്ടിച്ചു. മയ്യഴിയുടെ ആഹ്ലാദങ്ങളും വിഹ്വലതകളും എല്ലാം ഗംഗാധരൻ സ്വന്തമാക്കി. ഒരു നാടിന്റെ ആത്മാവിൽ എത്രമാത്രം ഒരു നാട്ടുകാരന് അലിഞ്ഞുചേരുവാൻ കഴിയുമെന്ന് നാം അറിയുന്നത് ഗംഗാധരനിലൂടെയാണ്.

മയ്യഴിയുടെ ലോലമായ നെടുവീർപ്പുകളുടെ നേരെ പ്രതികരിച്ച ഗംഗാധരൻ സ്വന്തം ആത്മകഥ എഴുതുന്ന വേപഥുവോടെയായിരിക്കണം ഈ ചരിത്രഗ്രന്ഥം രചിച്ചിരിക്കുന്നത്. പലപ്പോഴും ഒരു പ്രണയിനിക്ക് എഴുതുന്ന അനുരാഗപത്രങ്ങൾ പോലെ ഒളിഞ്ഞിരുന്നും മറഞ്ഞിരുന്നുമാണ് അദ്ദേഹം ഈ രചന തുടർന്നത്. മറ്റുള്ളവരോട് പറയുവാൻ പോലും മടിതോന്നത്തക്കവിധം സ്വന്തം ഹൃദയത്തോട് ചേർന്നു നിൽക്കുന്നതായിരുന്നു അദ്ദേഹത്തിന് ഈ കൃതി.

ഇത്രയും ഞാൻ എഴുതിയതു കാരണം മറ്റൊരു ചരിത്രഗ്രന്ഥത്തിനു ആവശ്യമായതിലേറെ ആത്മനിഷ്ഠത ഈ കൃതിയിൽ ഊറിക്കിടക്കുന്നു എന്നു ധരിക്കരുത്. ഒരു ചരിത്രകാരന്റെ കർശനമായ വസ്തുനിഷ്ഠത ഇതിലുടനീളം പ്രകാശിച്ചു നിൽക്കുന്നു. വർഷങ്ങൾ നീണ്ടുനിന്ന അന്വേഷണങ്ങളും പഠനങ്ങളും ഈ കൃതിയുടെ പിറകിലുണ്ട്.

പൂർവ്വകാല മയ്യഴിയുടേതായ ഒന്നും ഇന്ന് അവിടെ അവശേഷിക്കുന്നില്ല എന്നു സൂചിപ്പിച്ചിരുന്നുവല്ലോ. ഇനി മയ്യഴിയെത്തേടി ആരെ

ങ്കിലും വരുന്നുവെങ്കിൽ അത് ഇവിടെ സുലഭമായി കിട്ടുന്ന മദ്യം തേടിയായിരിക്കും. ഒരു നാൾ ഈ സുലഭതയും അവസാനിച്ചേക്കാം. അന്ന് മയ്യഴി ആരാലും ശ്രദ്ധിക്കപ്പെടാതെ, ആരാലും അറിയപ്പെടാത്ത, ഒരു സാധാരണ കൊച്ചു നഗരമായി മാറിയിട്ടുണ്ടാകും. അന്ന് ഒരു പക്ഷേ, സ്മൃതികളിൽ നിന്നു പോലും മയ്യഴിയുടെ പൂർവ്വകാല കഥകൾ മാഞ്ഞു പോയിട്ടുണ്ടാകും....

അന്ന്, വരും തലമുറകൾക്ക് പൂർവ്വകാല മയ്യഴിയെ അനുസ്മരിക്കുവാൻ വേണ്ടിയുള്ള മാന്ത്രികച്ചെപ്പായിരിക്കും സി.എച്ച്. ഗംഗാധരന്റെ ഈ കൃതി എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ചെപ്പ് തുറന്നാൽ മതി, മയ്യഴിയുടെ കഥകൾ അത്രയും അവരുടെ മുമ്പിൽ ചുരുൾ നിവരും.

***എം. മുകുന്ദൻ***

ന്യൂദൽഹി
31.1.87